തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CLTS 11101

**എം. എ. താരതമ്യ-വിവർത്തനപഠനം**

# താരതമ്യസാഹിത്യം
# അടിസ്ഥാന സങ്കൽപ്പങ്ങൾ

സമയം: 3 മണിക്കൂർ

മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'ബ്രജബുലി' എന്നാലെന്ത്?
2. ബങ്കിം ചന്ദ്ര ചാറ്റർജിയുടെ 'ഉത്തരചരിതം' എന്ന ലേഖനത്തിന്റെ ഉള്ളടക്കം എന്ത്?
3. രവീന്ദ്രനാഥ ടാഗോർ വിശ്വസാഹിത്യം എന്ന സങ്കൽപ്പം ആദ്യമായി ഉപയോഗിച്ച സന്ദർഭം ഏത്?
4. പോൾ വാൻ തീം എന്ന ഫ്രഞ്ച് നിരൂപകന്റെ താരതമ്യ സാഹിത്യദർശനം എന്തായിരുന്നു?
5. 'ഉള്ളുരൈ' എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യൻ താരതമ്യ സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചയിൽ മധ്യകാല സാഹിത്യത്തിനുള്ള സവിശേഷ സ്ഥാനമെന്ത്?
7. പൗരസ്ത്യവാദികൾ ഇന്ത്യൻ സാഹിത്യത്തെക്കുറിച്ച് സൃഷ്ടിച്ച 'മിത്തു'കൾ ഇന്ത്യൻ സാഹിത്യചരിത്ര വിജ്ഞാനീയത്തെ സ്വാധീനിച്ചതെങ്ങനെ?
8. പത്തൊമ്പതാം നൂറ്റാണ്ടിൽ ചെക്ക് സാഹിത്യത്തിലുണ്ടായ പുനരുത്ഥാന ശ്രമങ്ങളുടെ സ്വഭാവം എന്തായിരുന്നു?
9. 'കലേവാല' എന്ന ഫിന്നിഷ് എപ്പിക് അവിടുത്തെ ദേശീയവാദവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
10. തമിഴിലെ തിണ സങ്കൽപ്പത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?



11. മധ്യകാല ജനുസ്സുകളുടെ എന്തെല്ലാം സവിശേഷതകളാണ് ഐജാസ് അഹമ്മദ് ചൂണ്ടിക്കാണിക്കുന്നത്?
12. 'വിശ്വസാഹിത്യം' എന്ന സങ്കൽപ്പത്തിൽ യൂറോപ്യൻ മൂല്യവിചാരമുണ്ടെന്ന് വി.സി. ഹാരിസ് പറയുന്നതെന്തുകൊണ്ട്?
13. ഇന്ത്യൻ സർവകലാശാലകളിലെ താരതമ്യ സാഹിത്യപഠനത്തെ വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. താരതമ്യസാഹിത്യപഠനം, വിവർത്തനപഠനം, സംസ്കാരപഠനം എന്നിവയെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു പ്രബന്ധം തയ്യാറാക്കുക?
15. ദേശീയതയും താരതമ്യസാഹിത്യവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു? ഉദാഹരണസഹിതം വ്യക്തമാക്കുക?
16. 'ഇന്ത്യൻ സാഹിത്യം' എന്ന പരികൽപ്പനയിൽ എത്തിച്ചേരുന്നതിന് ഐജാസ് അഹമ്മദ് കാണുന്ന തടസ്സങ്ങൾ എന്തെല്ലാം?

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CLTS 11102

**എം. എ. താരതമ്യ-വിവർത്തനപഠനം**

# താരതമ്യസാഹിത്യ സമീപനങ്ങൾ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'വിശ്വസാഹിത്യ' എന്ന സങ്കൽപത്തിന്റെ പ്രസക്തിയെന്ത്?
2. അനുകല്പനം എന്ന ആശയം വ്യക്തമാക്കുക?
3. 'സാംസ്കാരികമായ തന്മാവാദം' (Cultural identity) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
4. എന്താണ് ദേശീയ സാഹിത്യം?
5. 'ഇന്ത്യൻ നവോത്ഥാനം' എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രമേയ പഠനം എന്തെന്ന് വിശദീകരിക്കുക?
7. സ്വാധീനതാ പഠനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
8. ഇന്ത്യൻ സാഹിത്യചരിത്രത്തിലെ പ്രധാന ഘട്ടങ്ങൾ വിശദീകരിക്കുക?
9. മിത്ത് എന്നാലെന്ത് ? വിശദീകരിക്കുക?
10. സാദൃശ്യം (Anology) എന്ന സങ്കല്പത്തിന് താരതമ്യ പഠനത്തിലുള്ള സവിശേഷ സ്ഥാനമെന്ത്?
11. കേന്ദ്രം/പ്രാന്തം (Centre/Periphery) എന്ന ആശയം വിശദമാക്കുക ?
12. ജാനുസ്സെന്നാൽ എന്ത്? സാഹിത്യ പഠനത്തിൽ ഇതിനുള്ള സവിശേഷ സ്ഥാനമെന്ത്?



13. പ്രധാനപ്പെട്ട ഇന്ത്യൻ സാഹിത്യ പ്രസ്ഥാനങ്ങൾ ഏതെല്ലാം?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. താരതമ്യ സാഹിത്യം നിർവചനങ്ങളും സാധ്യതകളും എന്ന വിഷയത്തെ കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക?
15. താരതമ്യ സാഹിത്യത്തിലെ പാശ്ചാത്യ സ്കൂളുകളെ പരിചയപ്പെടുത്തുക?
16. ഇന്ത്യൻ താരതമ്യ സാഹിത്യത്തെ വിമർശനാത്മകമായി വിലയിരുത്തുക?

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUCLTS 11103

**എം. എ. താരതമ്യ-വിവർത്തനപഠനം**

# വിവർത്തനപഠനം
# അടിസ്ഥാന സങ്കൽപ്പനങ്ങൾ

സമയം: 3 മണിക്കൂർ	മാർക്ക് 70

**I** *രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.* (05x2=10)

1. റോമൻ യക്കോബ്സൺ സൂചിപ്പിക്കുന്ന മൂന്ന് തരം വിവർത്തനങ്ങൾ ഏതെല്ലാം?
2. 'സാംസ്കാരിക വിവർത്തനം' (Cultural Translation) എന്നാൽ എന്ത്?
3. വിവർത്തനത്തെക്കുറിച്ചുള്ള സിസറോയുടെ വീക്ഷണം എന്ത്?
4. കപട വിവർത്തനം (Psuedo Translation) എന്നാൽ എന്ത്?
5. വിവർത്തന പഠനത്തിന്റെ രണ്ട് പ്രധാന ലക്ഷ്യങ്ങൾ ഏതൊക്കെ?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വിവർത്തനവും ലിംഗപദവിയും : കുറിപ്പെഴുതുക.
7. വിവർത്തനത്തിൽ ഉപയോഗിക്കുന്ന 3 പ്രായോഗിക തന്ത്രങ്ങൾ ഏതെല്ലാം?
8. പുനർരചനയും അനുകൽപ്പനവും തമ്മിലുള്ള വ്യത്യാസമെന്ത്?
9. വിവർത്തനത്തിലെ 'സാംസ്കാരികമായ തിരിവ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
10. ഇന്ദുലേഖ, സരസ്വതിവിജയം എന്നീ നോവലുകളുടെ വിവർത്തനങ്ങളുടെ നാൾവഴികൾ താരതമ്യം ചെയ്തു ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.
11. വിവരണാത്മക വിവർത്തനപഠനം (Descriptive Translation Studies -DTS) എന്നാൽ എന്ത്? വിശദീകരിക്കുക.
12. 'വിവർത്തനപഠനം' (Translation Studies) എന്ന സങ്കൽപ്പം രൂപപ്പെട്ടുവന്ന സന്ദർഭം വിവരിക്കുക.
13. ദ്വിഭാഷയും ബഹുഭാഷയും വിവർത്തനവുമായി ബന്ധപ്പെടുന്നതെങ്ങിനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വിവർത്തനത്തിന്റെ 'കേന്ദ്ര പ്രശ്നങ്ങൾ' എന്നു സൂസൻ ബാസ്നെറ്റ് എടുത്തു പറയുന്നത് എന്തൊക്കെയാണ്?
15. വിവർത്തനവും താരതമ്യസാഹിത്യപഠനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഉപന്യസിക്കുക.
16. ദേശാതിർത്തികൾക്കപ്പുറം സഞ്ചരിക്കുന്ന വിവർത്തനസംസ്കാരം: മലയാളവുമായി ബന്ധപ്പെടുത്തി വിശദമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUCLTS 11104

**എം. എ. താരതമ്യ-വിവർത്തനപഠനം**

# വിവർത്തനപഠനം
# സൈദ്ധാന്തിക സങ്കൽപ്പനങ്ങൾ

സമയം: **3** മണിക്കൂർ    മാർക്ക് **70**

**I** *രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.* (05x2=10)

1. ഭാഷ മേധാവിത്വം (ലിംഗ്വിസ്റ്റിക് ഹെജിമണി) എന്നാൽ എന്ത്?
2. 'ഗ്ലോക്കലൈസേഷൻ' -സങ്കൽപ്പനം വ്യക്തമാക്കുക?
3. വിവർത്തനം അന്തർവൈജ്ഞാനികമാണെന്ന് പറയുന്നതെന്തുകൊണ്ട്?
4. കാറ്റ്ഫോർഡ് സൂചിപ്പിക്കുന്ന രണ്ടുതരം വിവർത്തനക്ഷമതയില്ലായ്മകൾ എന്തെല്ലാം?
5. പോപോവിച്ചിന്റെ നാല്തരം സമമൂല്യതകൾ ഏവ?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. റഷ്യൻ ഫോർമാലിസ്റ്റുകളും വിവർത്തനവും: കുറിപ്പെഴുതുക.
7. വിവർത്തനത്തിന്റെ ശാസ്ത്രം എന്നതുകൊണ്ട് യൂജിൻ നൈദ ഉദ്ദേശിക്കുന്നതെന്ത്?
8. ബഹുവ്യവസ്ഥാ സിദ്ധാന്ത (Poly System theory) ത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
9. വിവർത്തനവും ജനാധിപത്യവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.
10. വിവർത്തനത്തെ അപനിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുക.
11. വിവർത്തനവും ദേശീയതയും -കുറിപ്പെഴുതുക.
12. വിവർത്തനവും വിശ്വബന്ധുത്വവും -കുറിപ്പെഴുതുക.
13. വിവർത്തനം അന്തർപാഠപരമാവുന്നതെങ്ങിനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വിനയ് ഡാർബിൾനെറ്റിന്റെ ഭാഷാശാസ്ത്ര മാതൃകകളെ മുൻനിർത്തി ഒരു പ്രബന്ധം തയ്യാറാക്കുക.
15. വിവർത്തനത്തിലെ 'അപരത്തെ രചിക്കുന്നതിനെ' (Composing the Other) ക്കുറിച്ച് ആന്ദ്രേ ലെഫെവ്റേവിന്റെ വാദങ്ങൾ വിശദമാക്കുക.
16. ആഗോളീകരണം വിവർത്തനത്തിൽ ചെലുത്തിയ സ്വാധീനം വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUCLTS 11105

## എം. എ. താരതമ്യ–വിവർത്തനപഠനം

# ആധുനിക മലയാളസാഹിത്യം

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.* (05x2=10)

1. എന്താണ് ആത്മകഥ സാഹിത്യം?
2. അമ്മനകുമ്മി എന്നാലെന്ത് ?
3. 'ജ്ജ് നല്ലൊരു മൻസനാകാൻ നോക്ക്!' എന്ന നാടകത്തിലെ പ്രമേയം എന്താണ്?
4. വൈക്കം മുഹമ്മദ് ബഷീറിൻെ രചനാ രീതിയുടെ പ്രത്യേകതകൾ ?
5. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലെ ഏതെങ്കിലും ഒരു ഇമേജിനെ പരിചയപെടുത്തുക?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തര മെഴുതുക.* (6x6=36)

6. 'വെളുത്തകുട്ടി'യിലെ നന്മ-തിന്മകളുടെ അവതര ണത്തെ കുറിച്ച് എഴുതുക?
7. *'ഇന്നലെ ചെയ്തോരബദ്ധം*
   *മൂഢർക്കിന്നത്തെ ആചാരമാകാം*
   *നാളത്തെ ശാസ്ത്രമതാകാം....'*
   
   -വ്യഖ്യാനിക്കുക.
8. 'ആഭിജാത്യത്തിൻ വെള്ളികെട്ടിയ ചൂരൽ' -സന്ദർഭവും സാരസ്യവും വ്യക്തമാക്കുക?
9. ടി. പത്മനാഭന്റെ ശക്തവും പക്വവുമായ പ്രണയ സങ്കൽപത്തെ 'ഗൗരി' എന്ന കഥയെ മുൻനിർത്തി വ്യാഖ്യാനിക്കുക?
10. 'വൈചിത്ര്യമുള്ള കഥാപാത്രങ്ങളുടെ ഇതിഹാസ മാണ് ഖസാക്കിന്റേത്' വിലയിരുത്തുക.
11. കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിലെ 'മരം' എന്ന സങ്കൽപം സ്വച്ഛമായ സുരക്ഷിതമായ ജീവിതത്തിന്റെ ബിംബമാവുന്നതെങ്ങനെ?
12. എന്താണ് സഞ്ചാരസാഹിത്യം?
13. സാഹിത്യത്തിലെ ആധുനികതയുടെ പ്രത്യേകതകൾ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തര മെഴുതുക.* (2x12=24)

14. ജാതി യാഥാർഥ്യങ്ങളെ ആധുനിക മലയാള കവിതയിൽ എങ്ങനെയെല്ലാം ദർശിക്കാമെന്നു വിലയിരുത്തി പ്രബന്ധം തയ്യാറാക്കുക.
15. പാരമ്പര്യത്തോടുള്ള കലഹം ആധുനിക മലയാള കവിതകളിൽ പ്രകടമാവുന്നത് എങ്ങിനെയെല്ലാ മാണെന്നു പരിശോധിച്ചു വിലയിരുത്തുക.
16. ആദ്യകാല നോവലുകളിലെ സ്ത്രീ കഥാപാത്ര ങ്ങളിൽ കാണുന്ന വൈജാത്യത്തെ എങ്ങിനെ വിശദീകരിക്കാം.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**ആഗസ്റ്റ് - 2023**

# MU CLTS 11206

**താരതമ്യസാഹിത്യ വിവർത്തനപഠനം**

# ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം

സമയം: **3** മണിക്കൂർ — മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിലെ ആദ്യ യാത്ര വിവരണ കൃതി ഏതാണ്? ആരുടേതാണ്?

2. 1827- ൽ എഴുതിയിട്ടുള്ള ഹാർപ് ഓഫ് ഇന്ത്യ ( The Harp of India) എന്ന കവിതയുടെ രചയിതാവ്?

3. 'നദി' എന്ന കവിതയിൽ പരമാർശിക്കുന്ന 'കവികളുടെയും അമ്പലങ്ങളുടെയും നഗരം' ഏതാണ്?

4. 'വിശുദ്ധ വിഷം' (Noble Venom) എന്ന് കമലാ ദാസ് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

5. സായി എന്ന പെൺകുട്ടി കേന്ദ്രകഥാപാത്രമായി വരുന്ന നോവൽ ഏതാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ആർ.കെ രാമാനുജന്റെ കവിതയിൽ 'നദിയുടെ വരണ്ടുണങ്ങിയ അവസ്ഥ' എങ്ങനെ ചിത്രീകരിക്കപ്പെടുന്നു?

7. മാറുന്ന കാലത്തെ മതങ്ങളെ കുറിച്ച് എസ്. രാധാകൃഷ്ണന്റെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക?

8. ആരായിരുന്നു തോരു ദത്ത്? ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിൽ തോരു ദത്തിന്റെ സംഭാവനകളെക്കുറിച്ച് എഴുതുക ?

9. 'ആനന്ദമഠം' എന്ന നോവലിന് ഒരു ആസ്വാദന കുറിപ്പ് എഴുതുക?

10. 'വാനിറ്റി ബാഗ്'എന്ന നോവലിലെ 'അഞ്ചര കൂട്ടം' (51/2 men) എന്ന യുവാക്കളുടെ കൂട്ടായ്മയുടെ പ്രത്യേകത എന്താണ്?

11. 'കാന്തപുര' എന്ന നോവലിന് ആസ്വാദനകുറിപ്പ് തയ്യാറാക്കുക?

12. ബ്ലാക് കോമഡി എന്നാലെന്ത്? എങ്ങനെയാണ് അനീസ് സലിം, തന്റെ നോവലിന്റെ രചനാരീതിയിൽ ബ്ലാക്ക് കോമഡി ഉപയോഗിച്ചത്?

13. ടാഗോറിന്റെ 'വീടും ലോകവും' എന്ന നോവലിലെ ബിമല എന്ന കഥാപാത്രത്തെക്കുറിച്ച് ഒരു പഠനം നടത്തുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കവിത ക്രിയാത്മകവും രാഷ്ട്രീയം സംസാരിക്കാൻ കെല്പുള്ളതുമായ ഒരു മീഡിയം ആണെന്നുള്ള മീനാ കന്ദസാമിയുടെ പ്രസ്താവന അവരുടെ 'ഈ കവിത നിങ്ങളെ പ്രകോപിപ്പിക്കും' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

15. ജനപ്രിയ സാഹിത്യത്തിന്റെ ചേരുവകൾ എന്തെല്ലാമാണ്? ഇന്ത്യൻ ജനപ്രിയ സാഹിത്യത്തിന് ചേതൻ ഭാഗത്തിന്റെ സംഭാവനകളെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.

16. എന്താണ് ഡയസ്പോറ സാഹിത്യം? പാതിരാസന്തതികൾ, നഷ്ടങ്ങളുടെ അനന്തരാവകാശികൾ എന്നി നോവലുകളെ ഒരു താരതമ്യപഠനത്തിനു വിധേയമാക്കുക?

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**ആഗസ്റ്റ് - 2023**

# MU CLTS 11207

## താരതമ്യസാഹിത്യ വിവർത്തനപഠനം

## സവിശേഷഭാഷ - ജർമ്മൻ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I.** ***Answer all questions*** (10 x 2=20)

1. Wie viele Kinder ................. du ? ( hast, hat )
2. Mein Vater ................. bei Calicut ( arbeitet, arbeitest )
3. Wie alt ist ................. Bruder ? ( dein, deine)
4. Wo................. deine Schwester? ( studieren, studiert )
5. Ich habe ................. Buch ( ein, einen )
6. ................. Name ist Peter ( meine, mein )
7. ................. kommen Sie ( woher, wo )
8. Ich kaufe ................. Kuli ( den, der)
9. Wann ................. du nach Hause ? ( gehst, geht )
10. ................. du in Berlin? ( wohnst, wohnen )

**II.** ***Answer all questions*** (5 x 2 = 10)

***Bilden Sie Sätze mit Modal Verben***

11. Ich gehe ins Kino ( wollen)
12. Jeden Tag machen Sie Hausaufgaben ( Müssen )
13. Kommst du Heute ? ( können )
14. Ich bleibe zu Hause ( Müssen )
15. Das Kinder essen Schokolade ( wollen )

**III.** ***Answer any five questions*** (5 x 4= 20)

16. Wie alt bist du?
17. Wo wohnen Sie?
18. Wie viele Geschwester haben Sie?
19. Was ist dein Hobby ?
20. Wie hei**ßen die Wochentage?**
21. Was sind Ihre Eltern von Beruf ?
22. Warum lernen Sie Deutsch ?

**IV.** ***Answer any two questions*** (2 x 10= 20)

23. Bitte stellen Sie sich vor !
24. Meine Familie
25. Meine beste Freundin/ mein beste Freund
26. Translate the following text into German:
    Herr Wild ist 40 Jahre alt. Er ist auch verheiratet. Seine Frau ist 39. Sie haben zwei Töchter: eine Tochter ist vierzehn und eine Tochter ist elf.

*****

തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ

## ആഗസ്റ്റ് - 2023

# MU CLTS 11208

# താരതമ്യസാഹിത്യ വിവർത്തനപഠനം

# ഭാഷാശാസ്ത്രം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മാനകഭാഷ എന്നാലെന്ത്?
2. നിഘണ്ടുനിർമാണവും ഭാഷാപഠനവും തമ്മിലുള്ള ബന്ധം വിശദമാക്കുക.
3. ഭാഷാ സമാർജ്ജനവും ഭാഷാപഠനവും തമ്മിലുള്ള വ്യതാസം വ്യക്തമാക്കുക.
4. ദ്രാവിഡഭാഷാകുടുംബത്തെപ്പറ്റി വിവരിക്കുക.
5. പ്രധാന പദവിഭാഗങ്ങൾ ഏതെല്ലാം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വിവിധതരം പ്രത്യയങ്ങളെപ്പറ്റി ഉദാഹരണ സഹിതം വിശദീകരിക്കുക.
7. ഭാഷാപഠനത്തിന്റെ അടിസ്ഥാനതത്വങ്ങളും പദ്ധതികളും വിവരിക്കുക.
8. ആധുനിക ഭാഷാശാസ്ത്രത്തിലെ അമേരിക്കൻ കൈവഴികളെ വിശദമാക്കുക.
9. സന്നിഹിതഘടകവിശകലനം (immediate constitute analysis) എന്ത്? വിശദീകരിക്കുക.
10. സാമൂഹികഭാഷാശാസ്ത്രം ഭാഷാഭേദങ്ങളെപ്പറ്റിയുള്ള പഠനത്തിൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.
11. രൂപതലത്തിലെ ഘടകങ്ങളെയും ഘടനയേയും പറ്റി വിശദമായി വിവരിക്കുക.
12. മലയാളം കംപ്യൂട്ടിങ് ടൂള് (computing tools) കളെപ്പറ്റി വിശദമായി എഴുതുക.
13. ഭാഷാശാസ്ത്രത്തിലെ വിശകലനപദ്ധതികളെപ്പറ്റി വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. അർത്ഥത്തെക്കുറിച്ചുള്ള വിവിധ ഭാഷാശാസ്ത്ര സങ്കല്പനങ്ങളെ വിശദീകരിക്കുക.
15. ഇന്ത്യ എന്ന ഭാഷാക്ഷേത്രവുമായി ബന്ധപ്പെട്ട ഭാഷാശാസ്ത്ര സങ്കല്പങ്ങളെ ചർച്ച ചെയ്യുക.
16. മനുഷ്യഭാഷയുടെ ധർമ്മങ്ങളെപ്പറ്റിയും ഭാഷാഭേദങ്ങളെപ്പറ്റിയും വിശദമായി പരാമർശിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**ആഗസ്റ്റ് - 2023**

# MU CLTS 11209

## താരതമ്യസാഹിത്യ വിവർത്തനപഠനം

## സാഹിത്യസിദ്ധാന്തങ്ങൾ-1

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കാരയത്രി പ്രതിഭ എന്നാൽ എന്ത്?
2. വ്യഭിചാരിഭാവം എന്നാൽ എന്ത്?
3. നാട്യശാസ്ത്രത്തിലെ ഏഴാം അധ്യായത്തിന്റെ ഉള്ളടക്കം എന്ത്?
4. സംസ്കൃത കാവ്യമീമാംസയിൽ കവിയെക്കുറിച്ചുള്ള സങ്കൽപങ്ങൾ എന്തെല്ലാം?
5. ആവേഗം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. രസസൂത്രത്തെ വ്യാഖ്യാനിക്കുക.
7. സഹൃദയനെക്കുറിച്ച് സംസ്കൃത കാവ്യമീമാംസ നൽകുന്ന സൂചനകൾ എന്തെല്ലാം?
8. മുതൽപ്പൊരുൾ എന്നാൽ എന്ത്?
9. അരിസ്റ്റോട്ടിലിന്റെ 'പോയറ്റിക്സ്' എന്ന കൃതിയെ പരിചയപ്പെടുത്തുക.
10. ദുരന്ത നാടകത്തിന്റെ ആറ് ഘടകങ്ങൾ എന്തെല്ലാം?
11. തിണകൾ ദ്രാവിഡ കാവ്യശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കൽപ്പനമാകുന്നതെങ്ങനെ?
12. റിയലിസം, സോഷ്യലിസ്റ്റ് റിയലിസം, ക്രിട്ടിക്കൽ റിയലിസം എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത്?
13. വക്രോക്തി എന്നാൽ എന്ത്? കാവ്യത്തിലെ വക്രോക്തിയെ എങ്ങനെ വർഗീകരിക്കാം.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സംസ്കൃതത്തിലെ രസസിദ്ധാന്ത ചർച്ച ക്രോഡീകരിക്കുക.
15. നിയോ ക്ലാസിസിസം എന്നാൽ എന്ത്? നിയോ ക്ലാസിക് വിമർശനത്തിന്റെ മാതൃകകൾ പരിചയപ്പെടുത്തുക.
16. മാർക്സിയൻ സാഹിത്യവിമർശനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**ആഗസ്റ്റ് - 2023**

# MU CLTS 11210

## താരതമ്യസാഹിത്യ വിവർത്തനപഠനം

# ഇന്ത്യൻ താരതമ്യസാഹിത്യം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ‘ആഴ്‌വാന്മാർ’ എന്ന് അറിയപ്പെടുന്നതാര്?
2. ‘വിശ്വസാഹിത്യം’ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത്?
3. പഞ്ചതന്ത്രം കഥകളിലെ അഞ്ചുതന്ത്രങ്ങൾ ഏതെല്ലാം?
4. ‘സാഹിത്യത്തിലെ ബഹുസ്വരത’ -വ്യക്തമാക്കുക
5. ‘ദോഹകൾ’ എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ‘ഡയസ്പോറ’ സാഹിത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
7. ഇന്ത്യൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ച് വിമർശനാത്മകമായ ഒരു കുറിപ്പ് തയ്യാറാക്കുക.
8. ‘ഗോത്ര സാഹിത്യം’ ഒരു പ്രതിരോധമാകുന്നതെങ്ങനെ?
9. ഇന്ത്യൻ താരതമ്യസാഹിത്യത്തിന്റെ ഉൽപ്പത്തിയും വികാസവും ചർച്ചചെയ്യുക.
10. ഇ. വി. രാമകൃഷ്ണൻ, ഐജാസ് അഹമ്മദ് എന്നിവർ ഇന്ത്യൻ സാഹിത്യത്തെക്കുറിച്ച് പറഞ്ഞ ആശയങ്ങൾ വിശദമാക്കുക.
11. സൂഫി കവിതകളുടെ പ്രത്യേകതകൾ എന്തെല്ലാം?
12. ‘ഇക്കോഫെമിനിസം’ എന്നാലെന്ത്?
13. ‘ക്വീർസാഹിത്യം’ എന്നാലെന്ത്? വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യൻ സാഹിത്യത്തെക്കുറിച്ച് സിസിർകുമാർ ദാസ് അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം?
15. ദളിത് സാഹിത്യം ‘ഇന്ത്യൻസാഹിത്യ’ത്തെക്കുറിച്ച് ഇതുവരെ നിലനിന്ന ധാരണകളെ വെല്ലുവിളിക്കുന്നുണ്ട്. -പരിശോധിക്കുക.
16. സമകാല ‘ഇന്ത്യൻസാഹിത്യ’ത്തിൽ പ്രത്യക്ഷപ്പെടുന്ന പാരിസ്ഥിതിക അവബോധത്തെ വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**ആഗസ്റ്റ് - 2023**

# MU CLTS 11211

## താരതമ്യസാഹിത്യ വിവർത്തനപഠനം

# വിവർത്തനം മലയാളത്തിൽ

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സംസ്കൃത-ബംഗ്ലാ ഭാഷകളിലെ വിവർത്തന വിമുഖതയുടെ കാരണമെന്ത്?
2. മലയാളത്തിലെ പ്രധാനപ്പെട്ട മൂന്ന് രാമായണ വിവർത്തനങ്ങൾ ഏതെല്ലാം?
3. പ്രേംചന്ദിന്റെ മലയാള വിവർത്തനത്തിൽ പ്രധാനികൾ ആരെല്ലാമാണ്?
4. 'സൂര്യശില' എന്ന കവിത ആരെഴുതിയതാണ്? ആരാണത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്?
5. മാർക്കേസിന്റെ കൃതികൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ പ്രധാന വിവർത്തകർ ആരെല്ലാമാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ഹിന്ദ്-സ്വരാജ്' അവതരിപ്പിക്കുന്ന സ്വരാജ്യത്തിന്റെ സവിശേഷതകളെന്തെല്ലാം?
7. 'ഗദ്യവികാസവും മലയാള നാടകങ്ങളും' എന്ന വിഷയത്തിൽ ഒരു ചെറുകുറിപ്പ് തയ്യാറാക്കുക?
8. സംസ്കൃതനാടക വിവർത്തനം മലയാളത്തിൽ ചെലുത്തിയ സ്വാധീനമെന്ത്?
9. ലാറ്റിനമേരിക്കൻ സാഹിത്യത്തിന് മലയാളത്തിൽ ലഭിച്ച സ്വീകാര്യതയുടെ രാഷ്ട്രീയപശ്ചാത്തലമെന്ത്?
10. 'സംസ്കാര'ക്കെതിരെ ഉന്നയിക്കപ്പെട്ട വിമർശനങ്ങൾ എന്തെല്ലാം?
11. വിവർത്തനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന സാഹിത്യ ജനുസ്സുകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
12. 'അക്കർമാശി'യുടെ അനുഭവപരിസരത്തെ വിവർത്തനത്തിലൂടെ പരിചയപ്പെടുന്നതിന്റെ സമകാല സാംഗത്യമെന്ത്?
13. ധൻപത്റായ് ശ്രീവാസ്തവ 'പ്രേംചന്ദ്' എന്ന തൂലികാനാമം സ്വീകരിക്കാനിടയാക്കിയ സാഹചര്യം എന്തായിരുന്നു?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ലോക ക്ലാസിക്കുകളുടെ വിവർത്തനം മലയാള ഭാവുകത്വത്തെ സ്വാധീനിച്ചതെങ്ങിനെ? ദൃഷ്ടാന്ത സഹിതം വിശദീകരിക്കുക.
15. താരതമ്യസാഹിത്യപഠനത്തിൽ വിവർത്തനങ്ങൾക്കുള്ള പങ്കെന്ത്? മലയാളത്തിലെ വിവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.
16. 'ജാതിയുടെ ഉന്മൂലനം' എന്ന കൃതിയുടെ സമകാല പ്രസക്തിയെന്ത്? വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജനുവരി - 2024**

# MU CLTS 11312

**എം. എ. താരതമ്യസാഹിത്യ
വിവർത്തനപഠനം**

# ദക്ഷിണേന്ത്യൻ സാഹിത്യം

സമയം: 3 മണിക്കൂർ 		മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പടദ്ദാനകൾ എന്നാൽ എന്ത്?
2. കന്നഡ ഭാഷയുടെ ഒന്നാം ഭാഷാ പദവിക്ക് വേണ്ടി നടന്ന ആദ്യ പ്രക്ഷോഭം ഏതാണ്?
3. 'കന്നഡ കല പുരോഹിതൻ' അഥവാ കന്നഡ വംശത്തിന്റെ ഉന്നത പുരോഹിതൻ എന്നറിയപ്പെടുന്നത് ആരാണ്? എന്തുകൊണ്ട്?
4. എന്താണ് അകം-പുറം കവിത?
5. മലയാളം കൊടുംത്തമിഴിൽ നിന്നും പരിണമിച്ചതാണെന്ന വാദം മുന്നോട്ട് വച്ച പണ്ഡിതൻ ആരാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. തെലുഗു സാഹിത്യത്തിലെ സോഷ്യലിസ്റ്റ് - ദളിത് ധാരകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
7. നവോദയ പ്രസ്ഥാനത്തെക്കുറിച്ച് വിശദീകരിക്കുക.
8. തേവാരം പാട്ടുകൾ എന്നാൽ എന്ത്? പ്രത്യേകതകൾ എന്ത്?
9. കന്നഡയിലെ നവ്യ പ്രസ്ഥാനം എന്നാൽ എന്തെന്ന് വിശദീകരിക്കുക.
10. തുളു ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രത്യേകത എന്താണ്?



11. ചിലപ്പതികാരവും കണ്ണകി സങ്കൽപ്പങ്ങളും മലയാളത്തിൽ ഉണ്ടായിട്ടുള്ള സ്വാധീനത്തെക്കുറിച്ച് വിശദീകരിക്കുക.
12. അല്ലാസനി പെദ്ദണ്ണയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
13. ദ്രാവിഡ ഭാഷാ കുടുംബത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വചന സാഹിത്യമെന്നാൽ എന്ത്? കന്നഡ ഭാഷാ ചരിത്രത്തിൽ വചന സാഹിത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.
15. ദ്രാവിഡ പ്രസ്ഥാനം അതിന്റെ സാമൂഹ്യ രാഷ്ട്രീയ പ്രസക്തിയെ മുൻനിർത്തി ഒരു പ്രബന്ധം തയ്യാറാക്കുക.
16. ദക്ഷിണേന്ത്യൻ ഭാഷകളെകുറിച്ചും ഭാഷാ ഭേദങ്ങളെ കുറിച്ചും ഒരു പ്രബന്ധം തയ്യാറാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജനുവരി - 2024**

# MU CLTS 11313

**എം. എ. താരതമ്യസാഹിത്യ വിവർത്തനപഠനം**

# സാഹിത്യ സിദ്ധാന്തങ്ങൾ II

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗ്രന്ഥകാരന്റെ മരണം എന്ന ആശയം അവതരിപ്പിച്ച താര്?
2. ഓഫ് ഗ്രാമറ്റോളജി ആരുടെ കൃതിയാണ്?
3. ലാങ് എന്നാൽ എന്ത്?
4. സംസ്കാര വ്യവസായം എന്ന ആശയം അവതരിപ്പിച്ച താര്?
5. അബോധം ഭാഷ പോലെ ഘടനയുള്ളതാണെന്ന് പറഞ്ഞതാര്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കാല്പനിക പ്രസ്ഥാനത്തിന്റെ സവിശേഷതകൾ അപഗ്രഥിക്കുക.
7. ആദിപ്രരൂപങ്ങൾ എന്നാൽ എന്ത്? ഉദാഹരണ സഹിതം വ്യക്തമാക്കുക.
8. മെറ്റഫറും മെറ്റോണമിയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
9. ദറിദയുടെ ചിന്തയിൽ എഴുത്തിനുള്ള സവിശേഷ സ്ഥാനം എന്ത്?
10. മാർക്സിന്റെ അടിത്തറ മേൽപ്പുര സിദ്ധാന്തം വിശദീകരിക്കുക.
11. ഫ്രാങ്ക്ഫർട്ട് സ്കൂൾ: കുറിപ്പെഴുതുക



12. പോസ്റ്റ് ഹ്യൂമനിസത്തെ പ്രസക്തമാക്കുന്ന സാഹചര്യമെന്ത്?
13. പോസ്റ്റ് കൊളോണിയൽ വിമർശനത്തിന്റെ പ്രാധാന്യം എന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാഹിത്യവും സമൂഹവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക.
15. ഘടനാവാദം സാഹിത്യ വിമർശനത്തെ സ്വാധീനി ച്ചത് എങ്ങനെ?
16. മന:ശാസ്ത്ര നിരൂപണത്തിന്റെ ഒരു മലയാള മാതൃക പരിചയപ്പെടുത്തുക.

******

3. Monika Mai ist 23 Jahre alt. Sie Ist nicht verheiratet. Sie hat zwei Brüder, aber keine Schwester. Ein Bruder ist 25 und ein Bruder ist 16.

4. *Nun treffen wir uns*
   *Noch zweimal täglich*
   *An der Haustür*
   *Wenn ich zur Arbeit gehe*
   *Und sie von der Arbeit  kommt*
   *Und umgekehrt*

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജനുവരി - 2024**

# MU CLTS 11315

## എം. എ. താരതമ്യസാഹിത്യ വിവർത്തനപഠനം

## സവിശേഷഭാഷ - ജർമ്മൻ

സമയം: **3** മണിക്കൂർ　　　　　　മാർക്ക് **70**

**SECTION - A**

*Answer all the questions* *(10x2=20)*

1. ______ Mädchen gefällt diese Musik.
2. Ich liebe den Garten unser___ Haus__ .
3. Daniel schenkt _______ Freund ein Spiel.
4. Manchmal fahre ich mit dem Auto mein__ Onkel__.
5. Ich gehe in _____ Kino.

Complete the sentence using given verbs.
(anfangen, einladen, fernsehen, anrufen,aufstehen)

6. Ich ______ meine Eltern _____.
7. Die Kinder _____ gern _____.
8. Mein Kurz ______ um 8 Uhr 30 _____.
9. Du ______ deine Freund am Abend _____.
10. Der Junge ______ ______.

**SECTION - B**

*Answer the following* *(5x2=10)*

Wie spät ist es? (12 hr Format)

1. 10:10
2. 18:59
3. 00:05
4. 07:20
5. 20:50



**SECTION - C**

*Answer any five questions* *(5x4=20)*

1. Wem begegnete Rotkäppchen im Wald?
2. Wo treffen sich Mann und Frau zweimal täglich?
3. Wohin geht das Rotkäppchen?
4. Was ziegt das weggehen der Mutter?
5. Was sollte Rotkäppchen der Großmutter bringen?
6. Wie oft treffen sich Mann und Frau?
7. Wie beschriebt der Mann und Frau sein Familien Leben am anfang?
8. Was kauft die Mutter?

**SECTION - D**

*Answer any two of the questions* *(2x10=20)*

1. Es ist halb acht. Herr Wild geht ins Büro. Vormittags arbeitet er von acht Uhr bis zwölf Uhr. Um Zehn Uhr dreißig beginnt eine Besprechung. Die Besprechung dauert eineinhalb Stunden.
2. Es war einmal ein Kleiner Junge, der am liebsten nur immer vor dem Fernseher saß .Eines Tages fragte er seine Mutter : “ Warum kaufst du nicht die Zahnpasta , die den Zahnverfall stoppt?” Der sagte die Mutter: “ Warum eigentlich nicht?” und kaufte die Zahnpasta.

"Don't blame me for the battle," replied the trickster. "I did not make you fight. Both of you are wrong, and both of you are right. Yes, what each one saw was true. You are fighting because you only looked at my coat from your own point of view."

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജനുവരി - 2024**

# MU CLTS 11316

## എം. എ. താരതമ്യസാഹിത്യ വിവർത്തനപഠനം

## സാഹിത്യവിവർത്തനം-I

സമയം: **3** മണിക്കൂർ മാർക്ക് **70**

At the end of the day, one friend said to the other, "Wans't that a beautiful red coat that man was wearing today?"

"No", the other replied. "It was a blue coat."

"I saw the man clearly as he walked between us!" said the first, "His coat was red."

"You are wrong!" said the other man, "I saw it too, and it was blue."

"I know what I saw!" insisted the first man. "The coat was red!"

"You don't know anything," the second man replied angrily. "It was blue!"

They kept arguing about this over and over, insulted each other, and eventually, they began to beat each other and roll around on the ground.

Just then, the trickster returned and faced the two men, who were punching and kicking each other and shouting, "Our friendship is OVER!"

The trickster walked directly in front of them, and showed them his coat. He laughed at their silly fight. The two friends saw his coat was red on one side and blue on the other.

The two friends stopped fighting and screamed at the trickster saying, "We have lived side by side like brothers all our lives, and it is all your fault that we are fighting. You have started a war between us."

*Past the poplars felled in the bygone century.*
*Past the sleeping people*
*Past the three martens*
*Who rustle here and there*
*And it all was already mine*
*All of it was already mine*
*Only these fingers were not mine*
*Only these white five"*

16. വിവർത്തനം ചെയ്യുക

Red and Blue Coat

Once there were two boys who were great friends, and they were determined to remain that way forever. When they grew up and got married, they built their houses facing one another. There was a small path that formed a border between their farms.

One day, a trickster from the village decided to play a trick on them. He dressed himself in a two-color coat that was divided down the middle. So, one side of the coat was red, and the other side was blue.

The trickster wore this coat and walked along the narrow path between the houses of the two friends. They were each working opposite each other in their fields. The trickster made enough noise as he passed them to make sure that each of them would look up and see him passing.



**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. തിരിച്ചറിയൽ കാർഡ് (Identity Card) എന്ന കവിത എഴുതിയ പലസ്തീനിയൻ കവിയാര്?
2. ''ചീത്തകാലങ്ങളിൽ കവിതയുണ്ടാകുമോ? ഉവ്വ്. ചീത്തകാലങ്ങളുടെ കവിത'' -ഈ വരികൾ ആരുടേതാണ്?
3. Songs of Songs എന്നതിന് ചങ്ങമ്പുഴ തയ്യാറാക്കിയ വിവർത്തനം ഏത്?
4. The Long Exile എന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ട റഷ്യൻ കഥയുടെ രചയിതാവാര്?
5. ഹൊവാർഡ് ഫാസ്റ്റിന്റെ സ്പാർട്ടക്കസ് മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാര്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മലയാളത്തിലേക്കുവന്ന ടാഗോർക്കവിതകളുടെ വിവർത്തനങ്ങളെ മുൻ നിർത്തി ഒരു കുറിപ്പ് തയ്യാറാക്കുക?
7. ചങ്ങമ്പുഴയുടെ വിവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാവ്യഭാവുകത്വത്തോട് ചേർന്ന് നിൽക്കുന്നു. -വ്യാഖ്യാനിക്കുക.
8. 'വാങ്ക' എന്ന കഥയുടെ മലയാളവിവർത്തനത്തെ വിമർശനാത്മകമായി വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

9. കാതറിൻ മാൻസ് ഫീൽഡ് എന്ന എഴുത്തുകാരിയുടെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം? നിങ്ങൾ വിവർത്തനം ചെയ്ത കഥയെ മുൻനിർത്തി വിശദീകരിക്കുക.

10. *"It quivers like the one last*
*Response of life in ecstasy of*
*Pain at the final stroke of death;*
*It shines like the pure flame*
*Of being burning up earthly sense*
*With one fierce flash"*

*"മൃത്യുവിന്നന്ത്യ പ്രഹരത്തിൽ വേദനാ*
*മൂർച്ഛയിൽ ജീവൻ ത്രസിക്കേ*
*അന്ത്യസംവേദനംപോലെ ചലോജ്ജ്വല*
*കമ്പിതം താവക ഖഡ്ഗം*
*വെട്ടിത്തിളങ്ങുകയാണ് നിൻ വാൾ മുന-*
*സത്തതൻ തീജ്ജ്വാലയാലേ*
*ഒറ്റജ്ജ്വലനത്തിൻ ലോകബോധങ്ങളെ*
*ച്ചുട്ടെരിക്കുന്നതുപോലെ"*

-ഇംഗ്ലീഷ് പാഠത്തെ മലയാള പാഠവുമായി താരതമ്യം ചെയ്ത് വിവർത്തനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

11. സാംസ്ക്കാരികമായ കോഡുകൾ വിവർത്തനം ചെയ്യുക എന്നത് വിവർത്തകയുടെ മുന്നിലുള്ള പ്രധാന വെല്ലുവിളിയാണ് -നിങ്ങൾ പഠിച്ച ഏതെങ്കിലും ഒരു വിവർത്തനത്തെ മുൻ നിർത്തി ചർച്ച ചെയ്യുക?



12. വിക്ടർ ഹ്യൂഗോയുടെ വിശപ്പ് എന്ന കവിതയിലെ പ്രമേയത്തിന്റെ സവിശേഷതയെന്ത്? മലയാള സാഹിത്യത്തിൽ ആ പ്രമേയത്തിന് ലഭിച്ച സവിശേഷ സ്ഥാനമെന്ത്?

13. ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിൽ ഉപ്പിനുള്ള സവിശേഷസ്ഥാനം ആവിഷ്ക്കരിക്കാൻ സച്ചിദാനന്ദൻ കണ്ടെത്തുന്ന കാവ്യഭാഷയുടെ സവിശേഷതകൾ എന്തെല്ലാം? ഇംഗ്ലീഷ് വിവർത്തനം കാവ്യഭാഷയോട് എത്രമാത്രം നീതി പുലർത്തി?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലയാളിയുടെ ഭാവുകത്വത്തെ സ്വാധീനിച്ച പ്രധാനപ്പെട്ട വിവർത്തനങ്ങളെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക?

15. വിവർത്തനം ചെയ്യുക

*White*
*In the midst of a black night near a*
*Blue lake*
*A yellow tram stops and carries me*
*It doens't matter where-*
*I'll hold the hand rail*
*In order not to fall in this world*
*Like an empty bottle*
*To the industrial zone*
*Past the buildings I know but can't see*

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജനുവരി - 2024**

# MU CLTS 11317

## എം. എ. താരതമ്യ സാഹിത്യ വിവർത്തനപഠനം

# സാഹിത്യ വിവർത്തനം II

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'ഖസാക്കിലെ സുന്ദരി' എന്നതിനെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക?
2. 'പിഴച്ചുപോകും മറ്റൊരുവൾ' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.
3. 'ഒരു കുന്നിന്റെ പള്ളക്കാണ് എന്റെ വീട്' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.
4. 'മധുരം ഒരു കൂവൽ' എങ്ങിനെ വിവർത്തനം ചെയ്യാം?
5. 'പരൽ മീനുകൾ' എങ്ങിനെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. *"ബഷീറിന്റെ കഥയിലെ നാരായണി ആകാശത്തേക്ക് ചുള്ളിക്കമ്പെറിയുന്നതുപോലെ"*
   -ഈ വരികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുമ്പോൾ എന്തെല്ലാം കാര്യങ്ങൾ വിശദീകരിക്കണം എന്ന് പരിശോധിക്കുക.
7. പന്തലംകുന്ന്, പൂത്രകുന്ന്, പറക്കുന്ന്, ചോലക്കുന്ന്, ചന്തക്കുന്ന്, കരിമ്പനക്കുന്ന് സ്ഥലനാമങ്ങൾ എങ്ങിനെ വിവർത്തനം ചെയ്യാം?
8. "രാത്രിയിൽ എടുത്തുവെക്കാൻ മറന്ന കിണ്ടി" തുടങ്ങിയ സാംസ്കാരിക വിവക്ഷകൾ എങ്ങിനെ വിവർത്തനത്തിൽ പരിഗണിക്കുമെന്ന് പരിശോധിക്കുക.



9. ബി. മുരളിയുടെ 'മകൻ' എന്ന കഥയുടെ വിവർത്തനപരത പരിശോധിക്കുക?
10. ആഷറിന്റെ ബഷീർ വിവർത്തനത്തെ വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
11. എന്താണ് സ്വയം വിവർത്തനത്തിന്റെ സാദ്ധ്യതകൾ?
12. 'കൾച്ചറൽ ട്രാൻസ്ലേഷൻ' എന്താണ്?
13. "അന്തേവാസിനിയായ സ്വാമിനിയുടെ കാവിക്കച്ചയും ചുറ്റിയാണ് ഇറങ്ങിയത്. ധൃതിയിൽ പറ്റിയ അബദ്ധമായിരുന്നു" ഈ സാഹചര്യം വിവർത്തനത്തിൽ എങ്ങനെ വിശദീകരിക്കേണ്ടി വരും?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കുട്ടിക്കഥകൾ വിവർത്തനം ചെയ്ത ശില്പശാലയിൽ നിന്നും ഉരുത്തിരിഞ്ഞ നിഗമനങ്ങളും പ്രശ്നങ്ങളും വിലയിരുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.
15. 'ഖസാക്കിന്റെ ഇതിഹാസം' സ്വയം വിവർത്തനത്തിന്റെ ഒരു മാതൃകയാണോ? വിലയിരുത്തുക?
16. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളുടെ വിവർത്തന അനുഭവങ്ങൾ ആഷർ വിലയിരുത്തുന്നത് എങ്ങിനെ?

******